5/12/17 MB



കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിൽ ഡോ. ആർ.മുരളീധര പ്രസാദ് വിദ്യാർഥികളുമായി സംവദിക്കുന്നു

# ഡോ. രാജേന്ദ്രപ്രസാദിനെ അനുസ്മരിച്ചു

കാസർകോട്: തൊഴിൽപരമായി നോക്കിയാൽ ഏറ്റവും ഫലവത്താണ് കാർഷിക ശാസ്ത്രമേഖലയെന്ന് കേരള കാർഷിക സർവകലാശാല മുൻ എക്സ്റ്റെൻഷൻ ഡയറക്ടർ ഡോ. ആർ.മുരളീധര പ്രസാദ് അഭിപ്രായപ്പെട്ടു. ആദ്യ കൃഷിമന്ത്രിയും ആദ്യ രാഷ്ട്രപതിയുമായിരുന്ന ഡോ. രാജേന്ദ്രപ്രസാദിന്റെ ജന്മദിനത്തോടനുബന്ധിച്ച് കേന്ദ്ര തോട്ടവിള ഗവേഷണകേന്ദ്രത്തിൽ വിവിധ സ്കൂളുകളിലെ വിദ്യാർഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

കൃഷിയുമായി ബന്ധപ്പെട്ട വിവിധ കോഴ്സുകളെ കുറിച്ച് അദ്ദേഹം വിവരിച്ചു. ഡയറക്ടറുടെ ചുമതല വഹിക്കുന്ന ഡോ. രവി ഭട്ട് അധ്യക്ഷനായിരുന്നു.

ഡോ. കെ.മുരളീധരൻ, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സി.തമ്പാൻ, സാമൂഹികശാസ്ത്രവിഭാഗം മേധാവി ഡോ. എസ്.ജയശേഖർ തുടങ്ങിയവർ സംബന്ധിച്ചു. കുട്ടികൾ വിവധ ലാബുകൾ സന്ദർശിച്ചു.